## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 510

01.12.2015-ലെ മറുപടിയ്ക്ക്

### സഹകരണ വികസന ക്ഷേമനിധി ബോർഡ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| | പ്രൊഫ. സി.രവീന്ദ്രനാഥ് | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | സഹകരണ വികസന ക്ഷേമനിധി ബോർഡ് സ്ഥാപിക്കപ്പെട്ടത് ഏത് തീയതിയിലാണ്; നിധിയിൽ ഇപ്പോൾ അവശേഷിക്കുന്ന തുക എത്ര; നിധിയിൽ നിന്നും ഇതിനകം എത്ര പേർക്ക് ക്ഷേമനിധി പ്രകാരമുള്ള സഹായം ലഭ്യമാക്കിയിട്ടുണ്ട്; എത്ര അപേക്ഷകൾ തീർപ്പാക്കാൻ ബാക്കിയുണ്ട് ; വ്യക്തമാക്കുമോ; | (എ) | കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് 30.11.2000 ൽ രൂപീകരിക്കുകയും 11.12.2000 ൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിന്റെ നിലവിലുള്ള സാമ്പത്തിക സ്ഥിതി പ്രകാരം ക്ഷേമ വികസന പദ്ധതിക്കായി 14,72,97,103/- രൂപ ബാക്കി നിൽപ്പുണ്ട്. 20 സംഘങ്ങൾക്ക് ക്ഷേമ വികസന പദ്ധതി പ്രകാരം സഹായം ലഭ്യമാക്കിയിട്ടുണ്ട്. 12 അപേക്ഷകൾ തീർപ്പാക്കാൻ ബാക്കിയുണ്ട്. |
| (ബി) | ക്ഷേമനിധി ബോർഡിന് നിലവിൽ എത്ര ഓഫീസുകൾ ഉണ്ട്; ഇതിനായി പ്രതിവർഷമുള്ള ചെലവ് എത്രയെന്നു വ്യക്തമാക്കുമോ ; | (ബി) | കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിന് നിലവിൽ 2 ആഫീസുകളുണ്ട്. ഹെഡാഫീസ് തിരുവനന്തപുരത്തും, റീജിയണൽ ആഫീസ് തൃശ്ശൂരും പ്രവർത്തിക്കുന്നു. വാടക ഇനത്തിൽ ഹെഡാഫീസിന് പ്രതിമാസം 49,472/- രൂപയും റീജിയണൽ ആഫീസിന് പ്രതിമാസം 20,837/- രൂപയും ചെലവാകുന്നുണ്ട്. ഇത് ഉൾപ്പെടെ കേരള സഹകരണ |

| | | | |
|---|---|---|---|
| | | | വികസന ക്ഷേമ വികസന ബോർഡ് പ്രവർത്തനത്തിന് 2013-14 വർഷം 82,48,851/- രൂപ ചെലവായിട്ടുണ്ട്. തൻവർഷം ഇതുവരെ 1,22,62,258/- രൂപയുടെ പ്രവർത്തന ചെലവ് ഉണ്ടായിട്ടുണ്ട്. |
| (സി) | നിലവിൽ എത്ര ജീവനക്കാർ പ്രവർത്തിച്ചു വരുന്നു; സ്ഥിരപ്പെടുത്തപ്പെട്ടവർ എത്ര; ദിവസ കൂലിയിലോ, മറ്റ് വ്യവസ്ഥയിലോ ജോലി നോക്കുന്നവർ എത്ര;വിശദമാക്കാമോ; | (സി) | കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ നിലവിൽ 47 ജീവനക്കാർ പ്രവർത്തിച്ചുവരുന്നു. സഹകരണ വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ മുഖേന ഒരു ജോയിന്റ് രജിസ്ട്രാർ ബോർഡ് സെക്രട്ടറിയായും 2 അസിസ്റ്റന്റ് രജിസ്ട്രാർമാർ മാനേജർമാരായും ഉൾപ്പെടെ 24 സ്ഥിരം ജീവനക്കാരും, ദിവസ കൂലി അടിസ്ഥാനത്തിൽ 2 ജീവനക്കാരും, കരാർ അടിസ്ഥാനത്തിൽ 21 ജീവനക്കാരും ബോർഡിൽ ജോലി ചെയ്യുന്നു. |
| (ഡി) | ഈ സർക്കാരിന്റെ കാലത്ത് നിയമിക്കപ്പെട്ടവർ എത്ര; പേര്, മേൽ വിലാസം, തസ്തിക, ജോലിയിൽ പ്രവേശിച്ച തീയതി, ശമ്പളം എന്നിവ വിശദമാക്കാമോ; | (ഡി) | ഈ സർക്കാരിന്റെ കാലത്ത് 13 പേർ നിയമിക്കപ്പെട്ടു. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഇ) | ക്ഷേമനിധി ബോർഡിന്റെ പ്രവർത്തന ചെലവ് വഹിക്കുന്നത് ആരാണെന്ന് വിശദമാക്കാമോ? | (ഇ) | കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന ക്ഷേമ വികസന പദ്ധതി, റിസ്ക് ഫണ്ട് പദ്ധതി എന്നീ പദ്ധതികളിലായി അംഗ സംഘങ്ങൾ അടയ്ക്കുന്ന വിഹിതത്തിൽ നിന്നും കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനത്തിനുള്ള ചെലവ് ബോർഡ് വഹിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം. | പേര് | മേൽവിലാസം | തസ്തിക | ജോലിയിൽ പ്രവേശിച്ച തീയതി | ശമ്പളം |
|---|---|---|---|---|---|
| 1 | ദിനേഷ് കെ.കെ. | കല്ലാറ്റു വളപ്പിൽ ഹൗസ്, പെരിങ്ങൂർ, തൃശ്ശൂർ. | എൽ.ഡി. ക്ലാർക്ക് | 06/02/14 | 7200-17195 19926 |
| 2 | രാജേഷ് സി.എൻ. | ചെമ്മങ്ങാട്ടു വളപ്പിൽ വീട്, ചുരക്കാട്ടുകര, അമലനഗർ പി.ഒ., തൃശ്ശൂർ | എൽ.ഡി. ക്ലാർക്ക് | 06/02/14 | 7200-17195 19926 |
| 3 | സിന്ധു.എം | പതിയാവിൽ ഹൗസ്, തേജസ്, നടവരമ്പ് പി.ഒ., ഇരിങ്ങാലക്കുട | എൽ.ഡി. ക്ലാർക്ക് | 06/02/14 | 7200-17195 19926 |
| 4 | ജീജ.കെ.കെ | ചെമ്മങ്ങാട്ടു വളപ്പിൽ ഹൗസ്, പേരമംഗലം പി.ഒ., തൃശ്ശൂർ | എൽ.ഡി. ക്ലാർക്ക് | 06/02/14 | 7200-17195 19926 |
| 5 | വിജീഷ് പി.സി. | പന്നിയാത്ത് ഹൗസ്, മുത്തിക്കാട്, തൃശ്ശൂർ | ഡ്രൈവർ | 10/02/14 | 7200-17195 19926 |
| 6 | സന്ധ്യ.പി.വി | കുഴിപ്പറമ്പിൽ ഹൗസ്, വെളപ്പായ പി.ഒ., തൃശ്ശൂർ | പ്യൂൺ | 06/02/14 | 6020-13575 16686 |
| 7 | ശാന്തിനി. റ്റി.എൻ | താഴത്ത് ഹൗസ്, പുറനാട്ടുകര പി.ഒ., തൃശ്ശൂർ | എൽ.ഡി. ക്ലാർക്ക് | 01/07/14 | 7200-17195 19926 |
| 8 | സന്ധ്യ.വി. എസ് | റ്റി.സി.41/757, തുണ്ടുമഠത്തിൽ വീട്, മണക്കാട് പി.ഒ., തിരുവനന്തപുരം | എൽ.ഡി. ക്ലാർക്ക് | 30/06/14 | 7200-17195 20176 |
| 9 | ഷീബാ.പി.ബി | ചിറ്റാറ്റുപറമ്പ് വീട്, മുരുവറ, പുഴയ്ക്കൽ പി.ഒ., തൃശ്ശൂർ | എൽ.ഡി. ക്ലാർക്ക് | 01/07/14 | 7200-17195 19926 |
| 10 | ദീപാ.ബി | സാഗര പ്ലാവർത്തുകുഴി, വെങ്ങാനൂർ പി.ഒ., തിരുവനന്തപുരം | എൽ.ഡി. ക്ലാർക്ക് | 05/07/14 | 7200-17195 20176 |
| 11 | സന്തോഷ്. എം.സി | മേക്കാട്ടുകുളങ്ങര ഹൗസ്, കുമാരനല്ലൂർ പി.ഒ., വടക്കാഞ്ചേരി, തൃശ്ശൂർ | അറ്റൻഡർ | 01/07/14 | 6500-15700 18009 |
| 12 | ശ്രീജ തവര | വൈഷ്ണവി, പൊയിലേരിക്കാവ്, മാവിലായി പി.ഒ., കണ്ണൂർ | പ്യൂൺ | 06/11/15 | 6020-13575 (ശമ്പളം വാങ്ങിയിട്ടില്ല) |
| 13 | ആർ.അനിതാ രാജം | ഗ്രേയ്സ്, മാവിവിള, പാലപ്പൂര്, വെള്ളായണി പി.ഒ., തിരുവനന്തപുരം | സ്വീപ്പർ | 04/11/14 | 4850-6700 9201 |

സെക്ഷൻ ഓഫീസർ